KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank | Vol.2 | Issue.4 | April 2022

# കേരള ബാങ്കിന് 5631.58 കോടി രൂപയുടെ വളർച്ച



സഹകരണ മേഖലയുടെ കരുത്ത് തെളിയിച്ച് കേരള ബാങ്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5631.58 കോടി രൂപയുടെ വളർച്ച കൈവരിച്ചതായി ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ.വി.എൻ. വാസവൻ.

2020-21 സാമ്പത്തിക വർഷത്തിൽ 1,06,396.53 കോടി രൂപയായിരുന്ന ബിസിനസ് 2021-22 വർഷത്തിൽ 1,12,028.11 കോടി രൂപയായി വർദ്ധിച്ചു. ആകെ ബിസിനസിൽ 5631.58 കോടി രൂപയുടെ വർദ്ധന ഉണ്ടായതായി മന്ത്രി പറഞ്ഞു. സഹകരണ എക്സ്പോ 2022-ന്റെ ഭാഗമായി മറൈൻ ഡ്രൈവിൽ നടത്തിയ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

2020-21 വർഷത്തിൽ 66,731.60 കോടി രൂപയായിരുന്ന നിക്ഷേപം 2021-22 വർഷത്തിൽ 69,940.84 കോടി രൂപയായി. വായ്പ 39,664.93 കോടി രൂപയിൽ നിന്ന് 42,087.27 കോടി രൂപയായി വളർന്നു. കോവിഡ് പ്രതിസന്ധി രൂക്ഷമായ കാലയളവിൽ കേരള ബാങ്ക് കൈവരിച്ച നേട്ടം കേരളത്തിലെ ബാങ്കിംഗ് മേഖലയ്ക്കാകെ മാതൃകയാണ്. കേരള ബാങ്ക് രൂപീകരണമെന്ന സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനം കേരളത്തിലെ സഹകാരി സമൂഹവും പൊതുസമൂഹവും ശരിവച്ചതിന്റെ പ്രതിഫലനം കൂടിയാണ് പ്രതിസന്ധി ഘട്ടത്തിലും കേരളബാങ്ക് കൈവരിച്ച നേട്ടം. കേരള ബാങ്കിന് ശക്തമായ നേതൃത്വം കൊടുക്കുന്ന ഭരണസമിതിയ്ക്കുള്ള അംഗീകാരം കൂടിയാകും കേരളബാങ്കിന്റെ 2021-22 വർഷത്തെ ബാലൻസ് ഷീറ്റ്.

## കരുത്തായി ബി ദി നമ്പർ വൺ ക്യാമ്പയിൻ

കോവിഡ് പ്രതിസന്ധി മറികടക്കുവാനും സഹകരണമേഖലയുടെ കരുത്ത് തെളിയിക്കുവാനും കേരളബാങ്ക് ആരംഭിച്ച 'ബി ദി നമ്പർ വൺ' ക്യാമ്പയിൻ വിജയകരമായി പൂർത്തിയാക്കിയിരിക്കുകയാണ്. 01/12/2021 മുതൽ 31/03/2022 വരെ നടത്തിയ ക്യാമ്പയിൻ ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ മികച്ച പ്രവർത്തനത്തിന് അടിസ്ഥാനമായി. സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി കേരള ബാങ്കിനെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ എല്ലാ ജീവനക്കാരുടെയും ഭരണസമിതി അംഗങ്ങളുടെയും പൂർണ്ണ പങ്കാളിത്തത്തോടെയാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. 01.12.2021 മുതൽ 31.03.2022 വരെയുള്ള ഈ കാലയളവിൽ നിഷ്ക്രിയ ആസ്തിയിലുള്ള കുറവ്, ബിസിനസ്സ് വളർച്ച (നിക്ഷേപം+വായ്പ), നിക്ഷേപത്തിലുള്ള വർദ്ധനവ്, CASA നിക്ഷേപത്തിലുള്ള വർദ്ധനവ്, CASA നിക്ഷേപത്തിന്റെ എണ്ണത്തിലുള്ള വർദ്ധനവ്, വായ്പ വർദ്ധനവ്, ഗോൾഡ് ലോണിലുള്ള വർദ്ധനവ്, പൊതുജനങ്ങളിൽ ബാങ്കിന്റെ ഇമേജ് വർദ്ധിപ്പിക്കുന്ന ഇടപെടലുകൾ/വികസന പ്രവർത്തനങ്ങൾ തുടങ്ങി ബാങ്കിന്റെ വളർച്ചയുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും എടുത്തു പറയാവുന്ന നേട്ടമാണ് കൈവരിച്ചത്.

ശാഖകൾ, സി.പി.സികൾ, റീജിയണൽ ഓഫീസുകൾ തുടങ്ങി എല്ലാ മേഖലയിലെയും എല്ലാ ജീവനക്കാരും ഉൾപ്പെട്ട ക്യാമ്പയിനിലൂടെ അത്ഭുതാവഹമായ വളർച്ചയാണ് ബാങ്കിനുണ്ടായത്. എല്ലാ ജില്ലകളിലും ലോൺ മേളകളും, കസ്റ്റമർ മീറ്റ്, NPA കുറയ്ക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ, ഒരു ദിവസം കൊണ്ട് പരമാവധി അക്കൗണ്ട് സ്വരൂപിക്കുന്നതിന് CASA DAY ഉൾപ്പെടെ വിപുലമായ പ്രവർത്തനങ്ങളാണ് നടപ്പാക്കിയത്. ക്യാമ്പയിനിന്റെ ഭാഗമായി നവംബറിൽ 27.93 ശതമാനം ആയിരുന്ന നിഷ്ക്രിയ ആസ്തി മാർച്ച് 31ന് 12.79% ആയി കുറഞ്ഞത് അതിശയകരമായ നേട്ടമായി. NPA നവംബറിൽ 11394.64 കോടി രൂപ ആയിരുന്നത് മാർച്ചിൽ 5,381.58 കോടി രൂപയായി കുറഞ്ഞു. CASA നിക്ഷേപം നവംബറിൽ 7166.13 കോടി രൂപ ആയിരുന്നത് മാർച്ചിൽ 9947.43 കോടി രൂപ ആയി വർദ്ധിച്ചു. മൊത്തം നിക്ഷേപം നവംബറിൽ 68,022 കോടി രൂപ ആയിരുന്നത് മാർച്ചിൽ 69940.84 കോടി രൂപയായി വർദ്ധിച്ചു. വായ്പാ ബാക്കി നിൽപ്പ് നവംബറിൽ 40,799.98 കോടി രൂപ ആയിരുന്നത് മാർച്ചിൽ 42,087.27 കോടി രൂപയായി വർദ്ധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ നേട്ടങ്ങളിൽ 80 ശതമാനവും ക്യാമ്പയിൻ കാലയളവിലായിരുന്നു. രോഗികളും നിരാലംബരും തിരിച്ചടവിന് നിവൃത്തിയില്ലാത്തവരുമായ മുപ്പതിലധികം കുടിശ്ശികക്കാരുടെ വായ്പാ കേരള ബാങ്ക് ജീവനക്കാരും ഭരണസമിതിയും മുൻകൈയെടുത്ത് ബാധ്യത തീർത്തു പ്രമാണങ്ങൾ ഉടമസ്ഥർക്ക് തിരിച്ചു നൽകി. കേരള ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ.പി.എസ്. രാജൻ, ചീഫ് ജനറൽ മാനേജർ, ശ്രീ.കെ.സി. സഹദേവൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# കേരള ബാങ്കിന് ദേശീയതലത്തിൽ അവാർഡ്



സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് കേരള ബാങ്കിന് ദേശീയതലത്തിൽ അവാർഡ് ലഭിച്ചു. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ ദേശീയതലത്തിൽ പ്രഥമ സ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. സംസ്ഥാന സഹകരണ ബാങ്കുകളുടെ വികസനം ലക്ഷ്യമാക്കിയാണ് സംസ്ഥാന സഹകരണ ബാങ്കുകളുടെ അപ്പെക്സ് ഫെഡറേഷൻ ആയ NAFSCOBന്റെ പ്രവർത്തനം. 1964-ൽ സ്ഥാപിതമായ ഈ സംഘടന 1982-83 മുതൽ സഹകരണ ബാങ്കിംഗ് രംഗത്തെ മികവിന് വിവിധ മേഖലയ്ക്ക് അവാർഡ് നൽകുന്നുണ്ട്.

സഹകരണ മേഖലയിൽ നിലനിന്നിരുന്ന ത്രിതല സംവിധാനത്തിനു പകരം ഗ്രാമീണ ജനതക്കും കർഷകർക്കും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ബാങ്കിംഗ് സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ദ്വിതല സംവിധാനം വിജയകരമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവസമാഹരണവും വികസനവും, ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരതാ രംഗത്തുണ്ടായ മുന്നേറ്റം, മാർഗ്ഗനിർദ്ദേശപാലന രീതി, മികച്ച ലാഭനേട്ടം, ഭരണ നൈപുണ്യം, വിവര സാങ്കേതിക വിദ്യയിലും കമ്പ്യൂട്ടറൈസേഷനിലും ഉണ്ടായ നേട്ടങ്ങൾ, നേതൃത്വപാടവം തുടങ്ങിയവ പരിഗണിച്ചാണ് പ്രവർത്തന മികവിനുള്ള പ്രഥമസ്ഥാനം കേരള ബാങ്കിന് ദേശീയതലത്തിൽ ലഭിച്ചത്. ഏപ്രിൽ 25-ന് ഛത്തീസ്ഗഢിലെ റായ്പൂരിൽ നടന്ന ചടങ്ങിൽ സംസ്ഥാന സഹകരണ ബാങ്കിനു വേണ്ടി ബാങ്ക് ജനറൽ മാനേജർ ശ്രീ.സി. സുനിൽ ചന്ദ്രൻ, ഛത്തീസ്ഗഢ് മുഖ്യമന്ത്രി ശ്രീ. ഭൂപേഷ് ബാഗേലിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി.



രാജ്യത്തെ സഹകരണ ബാങ്കിംഗ് മേഖലക്ക് മാതൃകയായി തീർന്ന കേരള ബാങ്കിന്റെ 2021-22 സാമ്പത്തികവർഷത്തെ മികച്ച പ്രവർത്തനങ്ങൾ ബാങ്കിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ തീർച്ചയായും പ്രചോദനമാണ്. ഇതിന് പിന്നിൽ രാപകലന്യേ അർപ്പണബോധത്തോടു കൂടി പ്രവർത്തിച്ച മുഴവൻ ജീവനക്കാരെയും കേരള ബാങ്കിന്റെ ഡയറക്ടർ ബോർഡ് ഹൃദയംഗമമായ അഭിനന്ദനം അറിയിക്കുന്നു.

'Be the No.1' ക്യാമ്പയിൻ പ്രവർത്തനങ്ങൾ അവസാന നാല് മാസങ്ങളിൽ ബിസിനസിൽ വലിയ കതിപ്പേകാൻ സഹായിച്ചിട്ടുണ്ട്. പലവിധ തിരക്കുകൾക്കിടയിലും പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട ഭരണസമിതി / BoM അംഗങ്ങളെ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ പോരാട്ടം അഭംഗുരം തുടരണം. നമുക്ക് ഇനിയും ഏറെ ദൂരം മുന്നോട്ട് പോകാനുണ്ട്.

**ഗോപി കോട്ടമുറിക്കൽ**
പ്രസിഡന്റ്



പ്രവർത്തന മികവു കൊണ്ട് ശ്രദ്ധേയമായ സാമ്പത്തിക വർഷമാണ് 2021-22. പ്രത്യേകിച്ച് Be the member one ന്റെ ഭാഗമായുള്ള 4 മാസത്തെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

ഈ നേട്ടങ്ങൾക്കിടയിലും 2022-23 സാമ്പത്തിക വർഷം കൂടുതൽ മെച്ചപ്പെട്ടതാവാനുള്ള പ്രവർത്തനങ്ങൾ തുടരാം.

കൂടുതൽ ബിസിനസ് വളർച്ച നേടുന്നതിനും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിലും പ്രത്യേക ശ്രദ്ധ നൽകേണ്ടത് അനിവാര്യമാണ്.

RBI നിഷ്കർഷിക്കുന്ന 7.%ൽ താഴെ NPA യിലേക്ക് കേരള ബാങ്കിനെ 2022-23 സാമ്പത്തികവർഷം എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാം.

**കെ.സി.സഹദേവൻ**
ചീഫ് ജനറൽ മാനേജർ



2021-22 സാമ്പത്തിക വർഷം നമ്മുടെ ബാങ്കിന് നല്ല റിസൽട്ടുണ്ടാവാൻ ആത്മസമർപ്പണത്തോടെ കഠിന പ്രയത്നം ചെയ്ത എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.

ലക്ഷ്യം കൈവരിക്കുന്നതിന് ബാങ്കിന്റെ പ്രസിഡന്റ് അടക്കമുള്ള ഉന്നത മാനേജ്മെന്റ് / ഡയറക്ടർ ബോർഡ് / BOM അംഗങ്ങൾ നേരിട്ട് മുന്നിൽ നിന്ന് നേതൃത്വം നൽകിയതിനൊപ്പം ജീവനക്കാരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി നല്ല നേട്ടം കൈവരിക്കുവാൻ കഴിഞ്ഞു. അതിൽ സന്തോഷവും അഭിമാനവുമുണ്ട്. ബാങ്കിന്റെ മുമ്പിൽ ഒരുപാട് വലിയ ലക്ഷ്യങ്ങളുണ്ട്. പ്രതിബദ്ധതയോടെ, ഒത്തൊരുമയോടെയുള്ള പ്രയത്നം കൊണ്ട് അതെല്ലാം സാക്ഷാത്കരിക്കാൻ നമുക്ക കഴിയുന്നതാണ്. നമ്മളെല്ലാവരും ഉറ്റുനോക്കുന്ന കംപ്യൂട്ടറൈസേഷനും ഡിജിറ്റലൈസേഷനും സാധ്യമാകുന്നതോടുകൂടി ഒരു പുതുയുഗത്തിലേക്കാണ് നാം പ്രവേശിക്കാൻ പോകുന്നത്.

2022-23 സാമ്പത്തിക വർഷവും തുടർന്നും കേരള ബാങ്കിന് നല്ല റിസൽട്ടുണ്ടാവട്ടെ എന്നാശംസിക്കുന്നു.

**പി.എസ്. രാജൻ**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

# കേരള ബാങ്കിന്റെ സ്നേഹ സ്പർശം



സൻജിന്റെ ജീവൻ രക്ഷിക്കാൻ ആലപ്പുഴ നടക്കാവ് ഈവനിംഗ് ശാഖാ മാനേജരും ജീവനക്കാരും നേരിട്ട് നഗരസഭ ഓഫീലെത്തി അക്കൗണ്ട് തുറക്കാനുള്ള സൗകര്യം ഒരുക്കി. 16 വയസ്സ് പ്രായമുള്ള സൻജിൻ എന്ന കുട്ടിയുടെ ചികിത്സാ സഹായ നിധി അക്കൗണ്ട് തുടങ്ങാൻ ചേർത്തല നഗരസഭ ജീവൻ രക്ഷാസമിതി ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അവരെ ബാങ്കിലേക്ക് വരുത്തി ബുദ്ധിമുട്ടിക്കാതെ ആലപ്പുഴ ചേർത്തല നടക്കാവ് ഈവനിംഗ് ശാഖാ മാനേജരും മറ്റ് ജീവനക്കാരും നഗരസഭയിൽ പോയി ആവശ്യമായ രേഖകൾ വാങ്ങി അക്കൗണ്ട് തുടങ്ങി. വീടു വീടാന്തരം കയറിയാണ് ജീവൻ രക്ഷാസമിതിയുടെ പ്രവർത്തകർ നല്ലൊരു തുക സമാഹരിച്ചത്. സമാഹരിച്ച തുക ചേർത്തല മുൻസിപ്പൽ ടൗൺഹാളിൽ എത്തിച്ചപ്പോൾ ശാഖയിലെ മാനേജരും മറ്റ് ജീവനക്കാരും അവിടെ എത്തുകയും തുക എണ്ണിത്തിട്ടപ്പെടുത്തി അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തു.

മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ഷെർലി ഭാർഗവന് ബാങ്ക് മാനേജർ കേരള ബാങ്കിന്റെ റെസിപ്റ്റും, പാസ് ബുക്കും സമാഹരിച്ച തുകയായ 52,79,407/- രൂപയുടെ ചെക്കും കൈമാറി.

# സഹകരണ നിക്ഷേപം 7253 കോടിയായി

സഹകരണ സ്ഥാപനങ്ങൾ നിക്ഷേപ സമാഹരണ യജ്ഞത്തിൽ സമാഹരിച്ചത് 7253.65 കോടി രൂപ. 6000 കോടി രൂപയാണ് ലക്ഷ്യമിട്ടത്. 1253 കോടി രൂപയുടെ അധിക നിക്ഷേപമാണ് ലഭിച്ചത്. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രയാസങ്ങൾക്കിടയിലാണ് ഈ നേട്ടം കൈവരിക്കാനായത്.

നിക്ഷേപ സമാഹരണ കാലയളവിൽ കേരള ബാങ്കിന് 3375.54 കോടി രൂപ ലഭിച്ചു. 1025 കോടി രൂപയായിരുന്നു ലക്ഷ്യം. ലഭിച്ചത് 329 ശതമാനം അധികം.

സഹകരണമേഖലയിലെ ഒറ്റപ്പെട്ട അനഭിലഷണീയ പ്രവണതകൾ സാമാന്യവൽക്കരിച്ച് ചില കേന്ദ്രങ്ങൾ നടത്തിയ പ്രചരണങ്ങൾ ജനങ്ങൾ തള്ളിയെന്നാണ് നിക്ഷേപ യജ്ഞത്തിന്റെ വിജയം സൂചിപ്പിക്കുന്നതെന്ന് ബഹു: സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ പറഞ്ഞു




**കേരള ബാങ്കിന്റെ പുതിയ ബാഡ്ജിന്റെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ നടന്ന ചടങ്ങിൽ ബാങ്ക് സിജിഎം, ശ്രീ.കെ.സി. സഹദേവന് ബാഡ്ജ് നൽകി ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ. കണ്ണൻ നിർവ്വഹിച്ചു.**



**പ്രശസ്തമായ ചേന്ദമംഗലത്തെ കൈത്തറി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലുള്ള പ്രദർശന വിൽപന മേള കൊച്ചിയിൽ നബാർഡ് സിജിഎം ശ്രീ പി. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. കേരള ബാങ്കിനെ പ്രതിനിധീകരിച്ച് കോർപ്പറേറ്റ് ബിസിനസ് ഓഫീസ് ജനറൽ മാനേജർ-ഇൻ-ചാർജജ്, ഡോ. അനിൽ കുമാർ പങ്കെടുത്തു.**

# സഹകരണ എക്സ്പോ 2022 വൻ വിജയം


സഹകരണ എക്സ്പോയിൽ കേരള ബാങ്ക് പവലിയൻ ബഹു: സഹകരണ മന്ത്രി, ശ്രീ. വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നു.


കേരള ബാങ്ക് പവലിയൻ


കേരള ബാങ്ക് പവലിയനിലെ തിരക്ക്


വിദ്യാനിധി സമ്മാന കൂപ്പൺ വിജയി ശിവാനി ചന്ദ്ര ബാബുവിന് സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐഎഎസ് സമ്മാനമായ സൈക്കിൾ കൈമാറുന്നു


സഹകരണ എക്സ്പോയിൽ തീം വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കേരള ബാങ്കിനുള്ള ട്രോഫി ബഹു: സഹകരണ വകുപ്പ് മന്ത്രി ശ്രീ വി.എൻ. വാസവനിൽ നിന്നും തൃശ്ശൂർ റീജണൽ മാനേജർ ശ്രീ.ജോളി ജോൺ, കോർപ്പറേറ്റ് ബിസിനസ് ഓഫീസ് ജനറൽ മാനേജർ ഇൻചാർജ് ഡോ: എൻ. അനിൽകുമാർ എന്നിവർ ഏറ്റുവാങ്ങുന്നു.

കേരള സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന സഹകരണ എക്സ്പോ ഏപ്രിൽ 18 മുതൽ 25 വരെ എറണാകുളം മറൈൻഡ്രൈവിൽ സംഘടിപ്പിച്ചു. എക്സ്പോ വൻ വിജയമെന്ന് ബഹു: സഹകരണ വകുപ്പ് മന്ത്രി ശ്രീ വി.എൻ. വാസവൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഏഴ് ദിവസത്തിനിടെ 2.5 കോടി രൂപയുടെ കച്ചവടം നടന്നു. ആന്ധ്ര, തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് സർക്കാരിന്റെ ക്ഷണം സ്വീകരിച്ചും അല്ലാതെയും നിരവധി സഹകാരികൾ എക്സ്പോ സന്ദർശിച്ചു. എട്ട് പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കി. എക്സ്പോയിൽ 212 സ്റ്റാളുകളിൽ 152 സഹകരണ സ്ഥാപനങ്ങൾ അണിനിരന്നു. 36 വിഭാഗങ്ങളിൽ 344 ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചു. 12 ഫുഡ് കോർട്ടുകളിലൂടെ സ്വാദിഷ്ടമായ വിഭവങ്ങൾ ഒരുക്കിയെന്നും മന്ത്രി പറഞ്ഞു.

## കേരള ബാങ്ക് സ്റ്റാൾ ശ്രദ്ധാകേന്ദ്രം

കേരള ബാങ്ക് സ്റ്റാൾ ഏവരുടെയും ശ്രദ്ധാകേന്ദ്രമായിരുന്നു. ബാങ്കിനെ കുറിച്ചുള്ള വിവരങ്ങൾ, വായ്പാ - നിക്ഷേപ പദ്ധതികളുടെ വിശദാംശങ്ങളും സ്റ്റാളിൽ ലഭ്യമായിരുന്നു. മേള കാണാനെത്തുന്ന കുട്ടികൾക്കു കൂപ്പൺ നൽകി നറുക്കെടുപ്പിലൂടെ സമ്മാനങ്ങൾ നൽകുന്ന സംവിധാനവും ഒരുക്കിയിരുന്നു. എക്സ്പോ ഹാളിനു പുറത്തു ബാങ്കിന്റെ എടിഎം വാനും പ്രവർത്തിച്ചിരുന്നു.


ഏപ്രിൽ 18 മുതൽ 24 വരെ തൃശ്ശൂരിൽ തേക്കിൻകാട് മൈതാനത്ത് സംഘടിപ്പിച്ച സംസ്ഥാന മന്ത്രിസഭയുടെ ഒന്നാം വാർഷികാഘോഷത്തോടനുബന്ധിച്ച 'എന്റെ കേരളം' മെഗാ പ്രദർശന വിപണനമേളയിലെ കേരള ബാങ്ക് സ്റ്റാൾ.


സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോട് അനുബന്ധിച്ച് കണ്ണൂർ പോലീസ് മൈതാനിയിൽ നടന്ന എന്റെ കേരളം എക്സ്പോയിൽ കേരള ബാങ്ക് പവലിയൻ ബാങ്ക് പ്രസിഡൻറ് ശ്രീ ഗോപി കോട്ടമുറിക്കൽ ഉദ്ഘാടനം ചെയ്യുന്നു. ഭരണസമിതി അംഗങ്ങളായ ശ്രീമതി ജി വത്സല കുമാരി, ശ്രീ.സാബു എബ്രഹാം, ചീഫ് ജനറൽ മാനേജർ, ശ്രീ.കെ.സി. സഹദേവൻ എന്നിവർ സമീപം


സംസ്ഥാന മന്ത്രിസഭയുടെ ഒന്നാം വാർഷികാഘോഷത്തോടനുബന്ധിച്ച് കോഴിക്കോട് കടപ്പുറത്ത് സംഘടിപ്പിച്ച എന്റെ കേരളം പ്രദർശന നഗരിയിലെ കേരള ബാങ്ക് സ്റ്റാൾ.


കണ്ണൂരിൽ സംഘടിപ്പിച്ച എന്റെ കേരളം എക്സ്പോയിലെ കേരള ബാങ്ക് സ്റ്റാൾ.

## സഹകരണ വാർത്തകൾ

- ഏപ്രിൽ 5: സഹകരണ വികസന ക്ഷേമനിധി ബോർഡ് സഹകരണ സംഘങ്ങളിലെ വായ്പക്കാർക്കായി ഏർപ്പെടുത്തിയ റിസ്ക് ഫണ്ടിൽ നിന്നുള്ള സഹായ പരിധി ഉയർത്തി. വായ്പ എടുത്തയാളിന് ഗുരുതര രോഗം ബാധിച്ചാലുള്ള ചികിത്സാ സഹായം ഒരു ലക്ഷത്തിൽ നിന്ന് 1.25 ലക്ഷമാക്കി. മരണപ്പെടുന്നവരുടെ വായ്പ കുടിശ്ശിക തീർക്കാൻ മൂന്നുലക്ഷം രൂപ നൽകും. നിലവിൽ രണ്ടു ലക്ഷമാണ്.
- ഏപ്രിൽ 17: സഹകരണമേഖലയിൽ ക്രമക്കേട് നടത്തുന്നവർക്ക് അതിവേഗം കർശന ശിക്ഷ ഉറപ്പാക്കുന്ന സമഗ്ര നിയമത്തിന് അടുത്ത നിയമസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുമെന്ന് സഹകരണ മന്ത്രി ശ്രീ വി.എൻ. വാസവൻ പറഞ്ഞു.
- ഏപ്രിൽ 17: സഹകരണ സംഘങ്ങളിൽ കുടിശ്ശികയുള്ള ഭരണസമിതി അംഗത്തെ അയോഗ്യനാക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്ന് ബഹു: കേരള ഹൈക്കോടതി.

# Transforming Villages. Ensuring Prosperity.




NABARD

Development Bank of the Nation

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905